ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ തത്തംപള്ളിയിലെ അസ്വസ്ഥത കേരളവ്യാപകമായ അസ്വസ്ഥതയായി ചിത്രീകരിക്കുകയാണ്. അത് ഇൻഡക്ടീവ് ലോജിക്കാണ്; ആ വാദഗതി തെറ്റാണ്. ഒരു ചർച്ചയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അവിടത്തെ അവസ്ഥ വളരെ നിയന്ത്രണാധീനമാണ്. ഫീസിബിളായ ഒരന്തരീക്ഷമാണ് അവിടെ നിലവിലുള്ളത്. എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ അതു ഗവൺമെൻറ് ശ്രദ്ധിക്കാം. കൂടുതൽ സംഘർഷമുണ്ടാകാതെയും കൂടുതൽ കുഴപ്പങ്ങളുണ്ടാകാതെയും വേണ്ടതുചെയ്യാൻ അവിടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഒരുക്കമാണ്.

മി. സ്പീക്കർ: ഗവൺമെൻറ് സത്വരനടപടികളും സ്വീകരിച്ചതിൻെറ ഫലമായി സ്ഥിതിഗതികളും നിയന്ത്രണാധീനമാണെന്നു മന്ത്രി അറിയിച്ച സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയത്തിനനുമതിനിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ

9.30—9.40
2-3-1979

വയനാട് ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരിക്കുവാനുള്ള തീരുമാനം നടപ്പാക്കുന്നതിനുള്ള കാലതാമസം

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, വയനാട് ഒരു അവികസിത പ്രദേശമാണെന്നുള്ള കാര്യം ഗവൺമെൻറുതന്നെ സമ്മതിച്ചിട്ടുള്ളതാണ്. 2725 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള വയനാട്ടിൽ പത്തുനാൽപ്പതു കൊല്ലംമുൻപ് ഏതാനും ജൻമിമാരും അവിടത്തെ ആദിവാസികളും മാത്രമാണുണ്ടായിരുന്നത്. അന്ന് വയനാടിനെ ഒരു വിഷകന്യകയെപ്പോലെയാണ് കണ്ടിരുന്നത്. ഇന്നാണെങ്കിൽ നാലുലക്ഷത്തിപതിനാലായിരം ജനസംഖ്യയുള്ളതും ഏറ്റവും കൂടുതൽ കുടിയേറ്റം നടന്നിട്ടുള്ളതുമായ ഒരു പ്രദേശമാണ്. അങ്ങനെ വിഷകന്യക എന്ന പേരുമാറ്റി സർവ്വസമ്പന്നയായ ഒരു സൗഭാഗ്യവതിയായി കാണുന്നതിൽ തെറ്റില്ല. കാരണം, കേരളത്തിന് കൂടുതൽ നാണ്യവിളനേടിത്തരുന്ന പ്രദേശമാണ് വയനാട്. ഇപ്പോഴുംതന്നെ വയനാട്ടിൽ ആറായിരം ഹെക്ടർ സ്ഥലത്ത് കുരുമുളകു കൃഷിചെയ്യുന്നുണ്ട്. കാപ്പികൃഷിയുടെ സ്ഥിതിയും മോശമല്ല. ഇതെല്ലാംകൂടി നോക്കുമ്പോഴും വയനാടിനെ ഒരു സ്വർണ്ണഖനിയായി ചിത്രീകരിക്കുന്നതിലും തെറ്റില്ല. ഈ പ്രദേശത്ത് വികസനപരമായ പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്നുള്ളതു വളരെ ഖേദകരമാണ്. റോഡുകളുടെ കാര്യത്തിലും ആശുപത്രികളുടെ കാര്യത്തിലും വിദ്യാലയസൗകര്യങ്ങളുടെ കാര്യത്തിലും, ഈ പ്രദേശവും (പ്രത്യേകിച്ചു ആദിവാസികളും) വളരെ പിന്നോക്കമാണ് എന്നതിൽ യാതൊരു സംശയവുമില്ല. സർ, ഇതൊന്നും വെറുതെ പറയുന്ന കാര്യങ്ങളല്ല. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്തന്നെ അതെപ്പറ്റി വസ്തുനിഷ്ഠമായ പഠനം നടത്തി ചില കാര്യങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്

Special programmes for the development for backward and tribal areas എന്ന പുസ്തകത്തിൽ. അതിൽപറഞ്ഞിരിക്കുന്ന ചില കണക്കുകളൊക്കെ ഇവിടെ ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുന്നു. റോഡുകളുടെ പണി നടത്തിയിട്ടുള്ളതിൻെറ സ്റ്റേറ്റ്സ് ആവറേജ് 100 ചതുരശ്രകിലോമീറ്ററിന്

LIBRARY ARCHIVES Kerala Legislative Assembly

28.5 ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെങ്കിൽ തെക്കേ വയനാട്ടിൽ 13.5.ഉം വടക്കേവയനാട്ടിൽ 15.9.ഉം ആണ്. അതുപോലെതന്നെ ആശുപത്രികളിലെ കിടക്കകളുടെ കാര്യം. സ്റ്റേറ്റ് ആവറേജ് 100 ആണെങ്കിൽ വെറും 57 ബെഡ്ഡുകൾ മാത്രമാണ് വയനാട്ടിലുള്ളത്. ഇത്തരത്തിൽ നോക്കുമ്പോൾ വളരെ ശോചനീയമായ അവസ്ഥയാണ് വയനാട്ടിനുള്ളതെന്ന് എല്ലാവർക്കുമറിയാം.

വയനാട് ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരിച്ചത് വയനാടിന്റെ വികസനത്തിനുവേണ്ടിയാണ്. പക്ഷെ അതോറിട്ടി വേണ്ടത്ര ഗൗരവത്തിൽ പ്രവർത്തിക്കുന്നില്ല. അഞ്ചും പത്തും പതിനഞ്ചും കോടി രൂപയുടെ പരിപാടികൾ ഉണ്ടാക്കിയിട്ട് ഓരോ കൊല്ലവും ഇരുപതും, മുപ്പതും ലക്ഷം രൂപ മാത്രമാണ് അലോട്ടുചെയ്യുന്നത്. സർ, ആശുപത്രികളുടെ കാര്യം വളരെ ശോചനീയമാണ്. ആദിവാസികൾ രോഗം പിടിച്ചുമരിക്കുകയാണ്. എന്നാൽ അത് ഗവൺമെൻറ് സമ്മതിക്കുന്നില്ല. പട്ടിണി മരണമാണെന്നും സമ്മതിക്കുന്നില്ല. രോഗം പിടിച്ചല്ലാ മരിക്കുന്നത് എന്നാണെങ്കിൽ പിന്നെ പട്ടിണി മരണമാണെന്നു ഗവൺമെൻറ് പരോക്ഷമായി സമ്മതിക്കുകയാണ്. രോഗം പിടിച്ചാണ് മരിക്കുന്നതെങ്കിൽ എന്തുകൊണ്ട് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ, മെഡിക്കൽകോളേജിലേതുപോലുള്ള സൗകര്യത്തോടുകൂടിയ ഒരു ആശുപത്രി അവിടെ ഉണ്ടാക്കുന്നില്ല? വയനാട് ഒരു ജില്ലയാക്കണമെന്ന് വളരെ നാളുകളായി ആവശ്യപ്പെടുകയാണ്. വയനാട് ഒരു അവികസിത പ്രദേശമാണെന്നും അവിടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അച്ച്യുതമേനോൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഞാൻ ഇവിടെ ഒരു പ്രമേയം കൊണ്ടുവന്നതാണ്. അന്ന് അദ്ദേഹം പറഞ്ഞ ചില വാചകങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. ''സാധാരണ വികസന പ്രവർത്തനം മാത്രം പോരാ ആദിവാസികൾക്ക് പ്രയോജനം ലഭിക്കത്തക്കരീതിയിലുള്ള പ്രത്യേക വികസന പരിപാടികൾ ആവശ്യമാണെന്ന് ഗവൺമെൻറിനു അഭിപ്രായമുണ്ട്''. ഇതു രണ്ടും കൂടി വച്ചുകൊണ്ടാണ് സ്പെഷ്യൽ ഡവലപ്പ്മെൻറ് ഫോർ ബാക്ക്വേഡ് ഏരിയാസ് ആൻഡ് ട്രൈബൽ ഏരിയാസ് എന്നുള്ള ഒരു പ്രോഗ്രാം ഉണ്ടാക്കി പ്ലാനിംഗ് കമ്മീഷനു അയച്ചത്. സർ, വയനാട് ഡവലപ്പ്മെൻറ് അതോറിട്ടി വേണ്ട വിധത്തിൽ രൂപീകരിക്കുകയോ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലെന്നുള്ളതാണ് വസ്തുത. ഇപ്പോഴും ഒരു പുതിയ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നതായി പത്രത്തിൽ കണ്ടു. ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള പരിപാടികൾ നടപ്പിലാക്കണമെന്നും വയനാട് ജില്ല രൂപീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. നോൺ ഒഫീഷ്യൽ മെമ്പർമാരേയും അതുപോലുള്ള ആൾക്കാരേയും ചേർത്തു ഒരു അതോറിട്ടി രൂപീകരിക്കുകയും വയനാട്ടിന്റെ വികസനം സമഗ്രമാക്കുന്നതിനു വേണ്ട പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

(Mr. deputy Speaker in the Chair)

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, വയനാട് ഒരു അവികസിത പ്രദേശമാണ്. അവിടെ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗിരി വർഗ്ഗക്കാരാണ് തിങ്ങിത്താമസിക്കുന്നത്. മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾക്കു മുൻഗണന നൽകണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഗവൺമെൻറ് ആ പ്രദേശത്തിൽ വികസന പ്രവർത്തനങ്ങൾ ക്രമപ്രവൃദ്ധമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വയനാട് ഏരിയായിൽ വികസന പ്രവർത്തനത്തിനുവേണ്ടി ഡവലപ്പ്മെൻറ് ആഫീസറെ നിയമിച്ചിരുന്നു. ഡവലപ്പ്മെൻറ് അതോറിട്ടി ഇല്ലായിരുന്നു. ഒരു ആഫീസറെ നിയമിച്ച് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനും പ്രത്യേക പരിപാടികൾ സൂക്ഷ്മമായി നടപ്പാക്കുന്നതിനുംവേണ്ടി ചുമതലപ്പെടുത്തിയിരുന്നു. വീണ്ടുമുള്ള പരിശോധനയുടെ ഫലമായി വികസന പ്രവർത്തനത്തിന് കേന്ദ്രീകൃത നേതൃത്വം നൽകുന്നതിനും അവ പരിശോധിക്കുന്നതിനും സഹായകമായിരിക്കും ഒരു റവന്യൂ ഡിവിഷൻ എന്നു കണ്ടുകൊണ്ട് കണ്ണൂർ ഡിസ്ട്രിക്റിനോടു ചേർന്ന നോർത്ത് വയനാടും കോഴിക്കോട് ഡിസ്ട്രിക്റിനോടു ചേർന്ന സൗത്ത് വയനാടും ചേർത്ത് ഒരു റവന്യൂഡിവിഷൻ ഉണ്ടാക്കി കോഴിക്കോട് ഡിസ്ട്രിക്റിനോടു ചേർത്തിട്ടുണ്ട്. അവിടെ റവന്യൂ ഡിവിഷണൽ ആഫീസർ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടു മാത്രം കാര്യങ്ങൾ ഭംഗിയായി നടക്കുമെന്ന് ഗവൺമെൻറിന് അഭിപ്രായമില്ല. ഒരു റവന്യൂ ഡിവിഷണൽ ആഫീസർക്കു പുറമേ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു പുതിയതായി ഒരു ഉദ്യോഗസ്ഥനെയും ഇപ്പോൾ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് ആ പ്രദേശത്തെ തീരെ അവഗണിക്കുന്നു എന്ന വാദം ശരിയല്ല. എല്ലാവരും പറയുന്നതുപോലെ രാഘവൻ മാസ്റ്ററും അവഗണനയുടെ കാര്യം പറഞ്ഞെന്നേയുള്ളൂ. വസ്തുനിഷ്ഠമായി പരിശോധിച്ചാൽ വയനാടിനോടു അവഗണനയല്ല മറിച്ച് താൽപ്പര്യപൂർവ്വമാണ് ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് കാണാൻ കഴിയും. വയനാടു ഡിവിഷനുവേണ്ടി 1974.75ൽ ചെലവായത് രണ്ടുലക്ഷത്തി പതിനയ്യായിരത്തിത്തൊള്ളായിരത്തി എൺപത് (2,15,980) രൂപയാണ്. 1975.76 ആയപ്പോഴേക്കും അത് പത്തു ലക്ഷമായി, 1976.77 ൽ ഇരുപത് ലക്ഷമായി, 1977.78 ൽ 29.2 ലക്ഷമായി. ഇപ്പോൾ മുപ്പതു ലക്ഷം രൂപ അലോട്ടു ചെയ്തിട്ടുണ്ട്. മിക്കവാറും അതു മതിയാകുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇതിനു പുറമേ വെസ്റേൺ ഗാഡ്സ് ഡവലപ്പ്മെൻറ് സ്കീമിൽ ഉൾപ്പെടുത്തി പല പദ്ധതികളും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൻെറ ഭാഗമായിട്ടാണ് ഗിരിവർഗ്ഗക്കാർക്കും ഷെഡ്യൂൾഡ് ട്രൈബ്സിനും, ഷെഡ്യൂൾഡ് കാസ്റിനുംവേണ്ടിയുള്ള ഭൂവിതരണ നടപടികൾ പ്രത്യേകമായ ഹൗസിംഗ് കോളനികളും മറ്റും ഉൾപ്പെടുത്തിയത്. അതിന് അറുപതു ലക്ഷം രൂപ ഈ വർഷം തന്നെ ചെലവാക്കുന്നുണ്ട്. കൂടാതെ വളരെ സമഗ്രമായ പല പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്ത് ലെവലിലും ചർച്ചകൾ നടത്തിയിട്ടുണ്ട്. ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടത് എന്നതിനെക്കുറിച്ചാണ് ചർച്ച നടത്തുന്നത്. ബ്ലോക്ക് ലെവലിലുള്ള ഉദ്യോഗസ്ഥൻമാരും അനുദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത ശേഷമേ ഒരു അവസാന തീരുമാനം എടുക്കുകയുള്ളൂ. പ്ലാനിംഗിൽ ഉണ്ടായ മൗലികമായ തകരാറ് പരിഹരിക്കുന്നതിനുവേണ്ടി ലോവസ്റ് ലെവലിൽനിന്ന് തന്നെ ഡിസ്കഷൻ തുടങ്ങി അതിൽനിന്ന് ഉയർന്നുവരുന്ന അഭിപ്രായങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അടുത്ത കാലത്തുതന്നെ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വികസന പ്രവർത്തനങ്ങൾ കുറെക്കൂടി ത്വരിതപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർ, ഇലക്ട്രിസിറ്റിയുടെ അഭാവമുണ്ട്, അവിടെ. മുപ്പത്തിയൊന്നു വില്ലേജുകളും

LIBRARY ARCHIVES Kerala Legislative Assembly

ഈ സാമ്പത്തിക വർഷം തന്നെ ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള നടപടികളും എടുത്തു കഴിഞ്ഞു. കാർഷിക രംഗത്ത് ചില സൗജന്യങ്ങളും ഡിപ്പാർട്ടുമെന്റ് ചെയ്തു കൊടുക്കുന്നുണ്ട്. മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യുന്നില്ല. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നാണ്യവിളകളും അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. തെങ്ങ്, കുരുമുളക്, കാർഡമം, റബ്ബർ, കോഫി മുതലായ എല്ലാ കൃഷിക്കും മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യേണ്ട എന്നുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അവികസിത പ്രദേശമാണെന്നംഗീകരിച്ചിട്ടുള്ളതുകൊണ്ടാണ് വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ഹിൽ ഏരിയാ മൊത്തത്തിൽ വികസിപ്പിച്ചെടുക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. അതിനാവശ്യമായ സംവിധാനങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. ജനപ്രതിനിധികളിൽനിന്നും പൊതുജനങ്ങളിൽനിന്നും വേണ്ട സഹകരണം ഉണ്ടാകണമെന്നേയുള്ളു. യാതൊരു കാലതാമസവും അവഗണനയും ഇല്ല. അവഗണന എന്നു പറഞ്ഞത് എല്ലാം ദുരുദ്ദേശമാണെന്നു ഞാൻ പറയുന്നില്ല. കാര്യസാധ്യത്തിനുവേണ്ടി തന്റെ വാദം ശക്തമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതാണ്.

IV. ധനകാര്യം

1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ്.

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, 1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

V. റിപ്പോർട്ടു സമർപ്പിക്കൽ

(i) കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. എസ്തോസ്: സർ, അതൊന്നു വായിച്ചു കേട്ടാൽ കൊള്ളാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly